No. 422/2022

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

കർത്താവിൽ നമ്മെ ജനിപ്പിച്ച ഇൻഡ്യയുടെ കാവൽപിതാവും, നമ്മുടെ സഭയുടെ സ്ഥാപകനുമായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ എ. ഡി. 52-ൽ ഭാരതത്തിൽ വരുകയും, എ. ഡി. 72 ഡിസംബർ 21-ാം തീയതി മൈലാപ്പൂരിൽ വച്ച് കുന്തമേറ്റ് രക്തസാക്ഷിയാവുകയും ചെയ്തു എന്നതാണല്ലോ നമ്മുടെ പാരമ്പര്യവും വിശ്വാസവും. 2022 ഡിസംബർ 21-ന് ആ പിതാവിന്റെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികമാണ്. ഈ വാർഷികം സമുചിതമായി ആഘോഷിക്കുവാൻ സഭ തീരുമാനിച്ചിരിക്കുകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ ആഘോഷപരിപാടികൾക്കാണ് പരി. സുന്നഹദോസും സഭാ സമിതികളും രൂപം നൽകിയിരിക്കുന്നത്. ആഘോഷങ്ങളുടെ ഉദ്ഘാടനം 2022 ഡിസംബർ മാസം 21-ാം തീയതി വി. മാർതോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് നടക്കുന്ന പൊതു സമ്മേളനത്തിൽ വിവിധ സാമൂഹിക സാമുദായിക രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുക്കും. ഈ സമ്മേളനം വിജയിപ്പിക്കേണ്ടത് സഭാംഗങ്ങളിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

ഡിസംബർ 17-ന് ആഘോഷങ്ങളുടെ തുടക്കം വിളംബരം ചെയ്തുകൊണ്ട് നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ നിന്നും നിരണം പള്ളിയിലേക്ക് "മാർത്തോമ്മാ സ്മൃതി സന്ദേശയാത്രയും" ദീപശിഖാപ്രയാണവും നടത്തുവാനും നിശ്ചയിച്ചിരിക്കുന്നു. ദീപശിഖാപ്രയാണം കടന്നുപോകുന്ന ഭദ്രാസനകേന്ദ്രങ്ങളും പള്ളികളും സ്ഥാപനങ്ങളും ദീപശിഖാപ്രയാണത്തെ ഉചിതമായി സ്വീകരിക്കുവാനും, അതിനെ അനുഗമിക്കുവാനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. സഭാംഗങ്ങൾ എല്ലാവരും പ്രസ്തുത സമ്മേളനത്തിലും, ദീപശിഖാ പ്രയാണത്തിലും ആവുംവിധമെല്ലാം സഹകരിച്ച് മാർതോമ്മാ ശ്ലീഹായുടെ സാക്ഷ്യവും നാമവും അനശ്വരമാക്കുവാൻ പ്രയത്നിക്കണം. ആഘോഷങ്ങൾക്കെല്ലാം നമ്മുടെ സഭാസ്ഥാനികൾ നേതൃത്വം നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ഡിസംബർ മാസം 08-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.